ജലവിതരണം മുടങ്ങും

തിരുവനന്തപുരം

സിറ്റി ഗ്യാസ് പൈപ്പ്‌ലൈൻ നിർമാണ പ്രവൃത്തിയോടനുബന്ധിച്ച് കണ്ണമൂല, കുമാരപുരം, മെഡിക്കൽ കോളേജ്, പൂന്തി റോഡ്, കിംസ് ജങ്ഷൻ, ഒരുവാതിൽ കോട്ട, ആനയറ, കടകംപള്ളി, അണമുഖം, വെൻപാലവട്ടം, കരിക്കകം, വേളി, പൗണ്ട് കടവ് , വെട്ടുകാട്, ശംഖുംമുഖം എന്നീ പ്രദേശങ്ങളിൽ വ്യാഴം രാത്രി 10 വരെ പൂർണമായും ജലവിതരണം തടസപ്പെടും.

ശുചീകരിച്ചു

കഴക്കൂട്ടം

ശ്രീകാര്യം വെഞ്ചാവോട് ഭാഗത്ത് മഴക്കാലത്തുണ്ടാക്കുന്ന വെള്ളക്കെട്ട് ഒഴിവാക്കാൻ ഓടകൾ വൃത്തിയാക്കൽ ആരംഭിച്ചു. കൗൺസിലർ സ്റ്റാൻലി ഡിക്രൂസിന്റെ നേതൃത്വത്തിൽ വാർഡിലെ തൊഴിലുറപ്പ് ജീവനക്കാരും ചേർന്ന് വെഞ്ചാവോട് ഭാഗത്തെ ഒരു കിലോമീറ്റർ ഓട വൃത്തിയാക്കിയത്.

അവധിക്കാല ക്യാമ്പ്

ചാല

സമദർശിനി ഗ്രന്ഥശാല ബാലവേദി നടത്തുന്ന 'ചെമ്പരത്തിയും ഗുൽമോഹറും' അവധിക്കാല ക്യാമ്പിന്റെ രണ്ടാം ഘട്ടം സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറി ജി എൽ അരുൺ ഗോപി ഉദ്ഘാടനം ചെയ്തു. വി എസ് വിസ്മയ ചന്ദ്രൻ അധ്യക്ഷയായി. ജില്ലാ ലൈബ്രറി കൗൺസിൽ അംഗം എ ബൈജു, ഡി സജുലാൽ, എ ബിസ്മി തുടങ്ങിയവർ സംസാരിച്ചു.

സിനിമ

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 - 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുതാൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

ചാനൽ സിനിമ

കൈരളി

6.30	പ്രേമം
9.00	അമ്പിളി
12.00	ലജൻഡറി ആമസോൺ
4.00	അൻജാൻ
7.00	അയോഗ്യ
10.00	ഉണ്ട

വി

7.00	വർണപ്പകിട്ട്
9.30	MLA മണി 10-ാം ക്ലാസും ഗുസ്തിയും
3.00	ശക്തി
6.00	ഈ പറക്കും തളിക
9.00	വടക്കുനോക്കിയന്ത്രം
11.30	കൊടുങ്കാറ്റ്

ഏഷ്യാനെറ്റ്

9.30	ഇട്ടിമാണി മെയ്ഡ് ഇൻ ചൈന

ഏഷ്യാനെറ്റ് മൂവീസ്

7.00	കോളേജ് കുമാരൻ
10.00	ജോണി ജോണി യെസ് അപ്പാ
1.00	അവതാരം
4.00	മെമ്മറീസ്
7.00	ബാംഗ്ലൂർ ഡെയ്സ്
10.30	അരവിന്ദന്റെ അതിഥികൾ

സൂര്യ

8.30	മംഗ്ലീഷ്
2.30	ജനകൻ

സൂര്യ മൂവീസ്

7.00	പുറപ്പാട്
10.00	കിള്ളിക്കുറിശ്ശിയിലെ കുടുംബമേള
1.00	അയലത്തെ അദ്ദേഹം
4.00	വജ്രം
7.00	മോഹൻകുമാർ ഫാൻസ്
10.00	ഔട്ട്സൈഡർ

മുട്ടട വാർഡിൽ എൽഡിഎഫ് സ്ഥാനാർഥി അജിത് രവീന്ദ്രൻ നാമനിർദേശ പത്രിക നൽകാൻ പ്രവർത്തകർക്കൊപ്പം എത്തുന്നു

മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പ്

എൽഡിഎഫ് സ്ഥാനാർഥി നാമനിർദേശ പത്രിക നൽകി

പേരൂർക്കട

ഉപതെരഞ്ഞെടുപ്പ് നടക്കുന്ന തിരുവനന്തപുരം നഗരസഭയിലെ മുട്ടട വാർഡിൽ എൽഡിഎഫ് സ്ഥാനാർഥി അജിത് രവീന്ദ്രൻ നാമനിർദേശ പത്രിക നൽകി.

വരണാധികാരിയായ ജില്ലാ പ്ലാനിങ് ഓഫീസർ വി എസ് ബിജുവിനാണ് പത്രിക സമർപ്പിച്ചത്. 30നാണ് തെരഞ്ഞെടുപ്പ്. എൽഡിഎഫ് കൗൺസിലർ ടി പി റിനോയിയുടെ മരണത്തെ തുടർന്നാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്.

നൂറുകണക്കിന് പ്രവർത്തകർ പ്രകടനമായെത്തിയാണ് പത്രിക സമർപ്പിച്ചത്. സിപിഐ എം ഏരിയ സെക്രട്ടറി സി വേലായുധൻ നായർ, ജില്ലാ കമ്മിറ്റി അംഗങ്ങളായ എസ്എസ് രാജലാൽ, എം ജി മീനാംബിക, കെ ശശാങ്കൻ, എസ് പി ദീപക്, വി അമ്പിളി, വി കെ പ്രശാന്ത് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, കവടിയാർ ധർമൻ, എൽ ജോസഫ് വിജയൻ, എസ് സലീം, മുൻ മേയർ കെ ചന്ദ്രിക, തുടങ്ങിയവർ പങ്കെടുത്തു.

മുട്ടട വാർഡിൽ എൽഡിഎഫ് സ്ഥാനാർഥി അജിത് രവീന്ദ്രൻ നാമനിർദേശ പത്രിക നൽകുന്നു

തെരഞ്ഞെടുപ്പ് കൺവൻഷൻ ഇന്ന്

പേരൂർക്കട

കോർപറേഷൻ മുട്ടട വാർഡിൽ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫിന്റെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനവും കൺവൻഷനും വ്യാഴം വൈകിട്ട് അഞ്ചിന് നടക്കും. കൺവൻഷൻ മുട്ടട സേവാഗിരി ഹാളിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. സിപിഐ ജില്ലാ സെക്രട്ടറി മാങ്കോട് രാധാകൃഷ്ണൻ അധ്യക്ഷനാകും.

സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ സി ജയൻബാബു, കെ സി വിക്രമൻ, വി കെ പ്രശാന്ത് എംഎൽഎ, മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി കെ രാജു എന്നിവർ സംസാരിക്കും.

ഡോക്ടർമാർ മുഖ്യമന്ത്രിയെ കാണും

തിരുവനന്തപുരം

ഡോ. വന്ദന ദാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ഡോക്ടർമാരുടെ സംഘടനാ പ്രതിനിധികൾ വ്യാഴാഴ്ച മുഖ്യമന്ത്രി പിണറായി വിജയനെ കാണും. സെക്രട്ടറിയറ്റിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ രാവിലെ 10.30നാണ് കൂടിക്കാഴ്ച. ചീഫ് സെക്രട്ടറിയുടെയും ആരോഗ്യസെക്രട്ടറിയുടെയും നേതൃത്വത്തിൽ ബുധനാഴ്ച വൈകിട്ട് സംഘടനകളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

ആരോഗ്യപ്രവർത്തകരുടെ സുരക്ഷ ഉറപ്പാക്കാൻ ആശുപത്രി സംരക്ഷണ നിയമം അതിവേഗം പരിഷ്കരിക്കണമെന്നടക്കമുള്ള വിവിധ ആവശ്യങ്ങളുമായി കെജിഎംഒഎ, ഐഎംഎ അടക്കമുള്ള ഡോക്ടർമാരുടെ സംഘടനകൾ വ്യാഴാഴ്ചയും സമരം തുടരുമെന്നാണ് അറിയിച്ചിട്ടുള്ളത്. അത്യാഹിത വിഭാഗം ഒഴികെയുള്ള എല്ലാ ഡ്യൂട്ടിയും ബഹിഷ്കരിച്ചാണ് സമരം.

എംഡിഎംഎയുമായി യുവാവ് പിടിയിൽ

തിരുവനന്തപുരം

ഡേവിഡ് ഇ പോൾ

എംഎഡിഎംഎ വിൽപ്പനയ്ക്കിടെ യുവാവിനെ എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പിടികൂടി. പട്ടം മരപ്പാലം ഹിൽ ഗാർഡൻ സ്വദേശി ഡേവിഡ് ഇ പോൾ (23) ആണ് പിടിയിലായത്. ഇയാളിൽനിന്ന് 2.81 ഗ്രാം എംഡിഎംഎ പിടിച്ചെടുത്തു. വിൽപ്പനയിലൂടെ ലഭിച്ച 5200 രൂപയും കണ്ടെടുത്തു.

ബംഗളൂരു മഡിവാളയിൽനിന്ന് കേരളത്തിലെത്തുന്ന കച്ചവടക്കാരുടെ ഇടനിലക്കാരനും വിൽപ്പനക്കാരനുമാണ് ഡേവിഡ് എന്ന് എക്സൈസ് പറഞ്ഞു. പെൺകുട്ടികളടക്കം ഇയാളുടെ ലോബിയിലുണ്ട്. സ്പെഷ്യൽ സ്ക്വാഡ് സർക്കിൾ ഇൻസ്പെക്ടർ ബി എൽ ഷിബുവിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

ബാർ അസോസിയേഷൻ പ്രതിഷേധിച്ചു

തിരുവനന്തപുരം

ഡോ. വന്ദനയുടെ കൊലപാതകത്തിൽ തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രതിഷേധിച്ചു. പ്രതിക്കെതിരെ ശക്തമായ നടപടിയെടുക്കാൻ സർക്കാർ നിയമനടപടി സ്വീകരിക്കണമെന്നും ബാർ അസോസിയേഷൻ പ്രസിഡന്റ് ആനയറ ഷാജിയും സെക്രട്ടറി സനോജ് ആർ നായരും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

പുകയില ഉൽപ്പന്നങ്ങൾ പിടികൂടി

ചാല

ഹസ്സൻ കണ്ണ്

ബീമാപള്ളി പത്തേക്കർ വിഐപി കോളനിയിലും സമീപത്തെ രണ്ടു വീടുകളിലുംനിന്ന് 75 ചാക്ക് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടി. തൈക്കാപ്പള്ളിക്ക് സമീപം ഫൈസൽ ഖാന്റെ വീട്ടിൽനിന്നും പത്തേക്കർ വിഐപി കോളനിയിൽ ഹസ്സൻ കണ്ണിന്റെ വീട്ടിൽ നിന്നുമാണ് പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്. പൂന്തുറ പൊലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഇവ പിടികൂടിയത്. ഫൈസൽ ഖാന്റെ വീട്ടിൽനിന്നും 35 ചാക്കും ഹസ്സൻകണ്ണിന്റെ വീട്ടിൽനിന്നും 40 ചാക്കുമാണ് പിടികൂടിയത്.ഹസ്സൻ കണ്ണിനെ അറസ്റ്റ്ചെയ്തു. ഫൈസൽ ഖാനായുള്ള തിരച്ചിൽ നടക്കുന്നതായി പൊലീസ് അറിയിച്ചു.

ഫർണിച്ചർ വിതരണം

ചാല

തിരുവനന്തപുരം നഗരസഭ ബീമാപള്ളി ഈസ്റ്റ് വാർഡിലെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനസഹായത്തിനായി അനുവദിച്ച മേശയും കസേരയും കൗൺസിലർ ജെ സുധീർ വിതരണം ചെയ്തു. എ എം ഇക്ബാൽ, എം സൈഫുന്നിസ, എം സി എം താജുദീൻ, എ നവാസ്, എ ജെ ഹംസ, ടി റസ്‌ലിഫ് ഖാൻ എന്നിവർ പങ്കെടുത്തു.

മ്യൂസിക് കാർണിവൽ 13ന്

തിരുവനന്തപുരം

നായകി മ്യൂസിക് ആൻഡ് ആർട്സ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സരിഗമ ഗാല മ്യൂസിക് കാർണിവൽ സംഘടിപ്പിക്കും. ശനി രാവിലെ 10.30ന് സ്വാതി തിരുനാൾ ഗവ. കോളേജിൽ മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. പ്രവേശനം സൗജന്യമാണ്. കാണികൾക്കായി ഏഴ് സ്ക്രീൻ ഗെയിമുകളും 11 ആക്ടിവിറ്റി ഗെയിമുകളുമുൾപ്പെടെ 16 ഗെയിമുകൾ ഒരുക്കിയിട്ടുണ്ട്. എല്ലാം സംഗീതവുമായി ബന്ധപ്പെട്ടവയാണ്. ഭീമ ജ്വല്ലേഴ്സ് ചെയർമാൻ ഡോ. ബി ഗോവിന്ദൻ, സംവിധായകൻ ടി കെ രാജീവ്കുമാർ, സംഗീത സംവിധായകൻ ശരത് എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്യും.

വാഹന പ്രചാരണജാഥ ഇന്ന് ആരംഭിക്കും

കോവളം

എൽഡിഎഫ് സർക്കാർ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ജനങ്ങളുമായി സംവദിക്കുന്നതിന് എൽഡിഎഫ് കോവളം മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന വാഹന പ്രചാരണജാഥ വ്യാഴാഴ്ച ആരംഭിക്കും. ഊക്കോട് വൈകിട്ട് അഞ്ചുമണിക്ക് സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയി എംഎൽഎ ഉദ്ഘാടനം ചെയ്യും.

സിപിഐ എം കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ ജാഥാ ക്യാപ്റ്റനും കാഞ്ഞിരംകുളം ഗോപാലകൃഷ്ണൻ വൈസ് ക്യാപ്റ്റനും തെന്നൂർക്കോണം ബാബു ജാഥാ മാനേജരുമായ ജാഥയാണ് പര്യടനം നടത്തുന്നത്. പി രാജേന്ദ്രകുമാർ, പാറക്കുഴി സുരേന്ദ്രൻ, പുല്ലുവിള സ്റ്റാൻലി, സി എസ് രാധാകൃഷ്ണൻ നായർ, സി കെ സിന്ധുരാജ്, കരുംകുളം വിജയകുമാർ, വിജയമൂർത്തി, വി സുധാകരൻ, വെങ്ങാനൂർ ലോയിഡ്, ടി എസ് രഘുനാഥ്, എം ഷംനാദ്, വിഴിഞ്ഞം ജയകുമാർ തുടങ്ങിയവരാണ് ജാഥാ അംഗങ്ങൾ.

വെള്ളിയാഴ്ച കോവളം, വിഴിഞ്ഞം, വെങ്ങാനൂർ, കല്ലിയൂർ, തേമ്പാമുട്ടം, ബാലരാമപുരം, ഉച്ചക്കട, പയറ്റുവിള, ചപ്പാത്ത്, കാഞ്ഞിരംകുളം, കരുംകുളം എന്നിവിടങ്ങളിൽ പര്യടനം നടത്തി ജാഥ പൂവാറിൽ സമാപിക്കും.

പാൽക്കുളങ്ങരയിൽ കുടിവെള്ള വിതരണം നിലച്ചിട്ട് ഒരാഴ്ച

വഞ്ചിയൂർ

പാൽക്കുളങ്ങര വാർഡിൽ ഒരാഴ്ചയായി കുടിവെള്ള വിതരണം പൂർണമായി നിലച്ചു. എംകെകെ നായർ നഗർ, മേപ്പള്ളി ലെയ്ൻ എന്നിവിടങ്ങളിൽ താമസിക്കുന്നവരാണ് ബുദ്ധിമുട്ടുന്നത്.

നഗരത്തിൽ പലയിടങ്ങളിൽ പൈപ്പ് പൊട്ടിയത് പരിഹരിക്കുന്നതിനായി പമ്പിങ് നിർത്തിവച്ചതാണ് കാരണമെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

ഈ പ്രദേശത്ത് ആഴ്ചയിൽ രണ്ടു മൂന്നു ദിവസമാണ് വിതരണമുണ്ടായിരുന്നത്. വിഷയത്തിൽ കൗൺസിലറും റസിഡന്റ്സ് അസോസിയേഷനുകളും പരാതി നൽകിയിട്ടുണ്ട്. കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാർ രണ്ടാം വാർഷികം

സംസ്ഥാനതല സമാപന സമ്മേളനം 20ന്

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായുള്ള വിവിധ പരിപാടികളുടെ സംസ്ഥാനതല സമാപന പൊതുസമ്മേളനം 20ന് പുത്തരിക്കണ്ടം മൈതാനിയിൽ നടക്കും. വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന എന്റെ കേരളം മെഗാ പ്രദർശന വിപണന, ഭക്ഷ്യമേളയും കലാസാംസ്കാരിക പരിപാടികളും പകൽ 11ന് കനകക്കുന്നിൽ ആരംഭിക്കും. 27 വരെയാണ് മേള.

മന്ത്രി വി ശിവൻകുട്ടി മുഖ്യരക്ഷാധികാരിയായും മന്ത്രിമാരായ ജി ആർ അനിൽ, ആന്റണി രാജു എന്നിവർ രക്ഷാധികാരികളായും സംഘാടക സമിതി രൂപീകരിച്ചു. കലക്ടർ ജെറോമിക് ജോർജ് കൺവീനറും ജില്ലയിലെ എംപിമാർ, എംഎൽഎമാർ, മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, തദ്ദേശ പ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ എന്നിവർ അംഗങ്ങളുമാണ്.

സംഘാടക സമിതി രൂപീകരണ യോഗം മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. മന്ത്രി ജി ആർ അനിൽ അധ്യക്ഷനായി. മന്ത്രി വി ശിവൻകുട്ടി മുഖ്യപ്രഭാഷണം നടത്തി.

യോഗത്തിൽ എ എ റഹിം എംപി, എംഎൽമാരായ വി ജോയി, സി കെ ഹരീന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ്കുമാർ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, കലക്ടർ ജെറോമിക് ജോർജ്, എഡിഎം അനിൽ ജോസ്, സബ്കലക്ടർ അശ്വതി ശ്രീനിവാസ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ ജി ബിൻസിലാൽ, വിവിധ രാഷ്ട്രീയ പാർടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

പെൻഷൻ സംരക്ഷണ സദസ്സ്

തിരുവനന്തപുരം

കേരള സ്റ്റേറ്റ് കർഷകത്തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ പെൻഷൻ സംരക്ഷണ സദസ്സ് സംഘടിപ്പിച്ചു. കെഎസ്കെടിയു പാളയം ഏരിയ വൈസ് പ്രസിഡന്റ് വി സതീന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. സാമൂഹ്യക്ഷേമ പെൻഷനിലെ കേന്ദ്രവിഹിതം നിലവിലുള്ള രീതിയിൽ വിതരണം ചെയ്യുക, കേന്ദ്ര സർക്കാർ വിഹിതം വർധിപ്പിക്കുക, സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക അടിയന്തരമായി നൽകുക, കർഷകത്തൊഴിലാളി പെൻഷനും കേന്ദ്രവിഹിതവും അനുവദിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പരിപാടി സംഘടിപ്പിച്ചത്. ഡി ബാലകൃഷ്ണൻ അധ്യക്ഷനായി. ഇ ബാലൻ, വേലംവിളാകം ചന്ദ്രൻ, എം കെ രാജേന്ദ്രൻ, ബി സോമൻ, രാമചന്ദ്രൻ, കെ ബി അനൂപ് എന്നിവർ സംസാരിച്ചു.

സംഘാടക സമിതി ഓഫീസ് ഉദ്ഘാടനം

തിരുവനന്തപുരം

ഇന്ത്യൻ അസോസിയേഷൻ ഓഫ് ലോയേഴ്സ് (ഐഎഎൽ) ദേശീയ സമ്മേളനത്തിന്റെ സംഘാടക സമിതി ഓഫീസ് മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്തു. ജൂൺ ഒന്നുമുതൽ നാലുവരെ തിരുവനന്തപുരത്താണ് സമ്മേളനം. ഐഎഎൽ ജില്ലാ സെക്രട്ടറി പ്രിജിസ് ഫാസിൽ അധ്യക്ഷനായി. അഡ്വ. കെ പി ജയചന്ദ്രൻ, വഴുതക്കാട് നരേന്ദ്രൻ, അയൂബ് ഖാൻ, രാഖി രവികുമാർ തുടങ്ങിയവർ സംസാരിച്ചു.

മെഗാ മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം

വേളി കൃഷ്ണൻ നായർ മെമ്മോറിയൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മെഗ മെഡിക്കൽ ക്യാമ്പും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസും നടത്തി.

കൗൺസിലർ ക്ലൈനസ് റൊസാരിയോ മെഡിക്കൽ ക്യാമ്പിന്റെയും വലിയതുറ എസ്എച്ച്ഒ ജി എസ് രതീഷ് ബോധവൽക്കരണ ക്ലാസിന്റെയും ഉദ്ഘാടനം നിർവഹിച്ചു. വാവ സുരേഷിനെ ആദരിച്ചു.

ഡിഫറന്റ് ആർട് സെന്റർ മാതൃക തമിഴ്നാട്ടിൽ നടപ്പാക്കും

തമിഴ്നാട് ഡിസെബിലിറ്റി വെൽഫെയർ സെക്രട്ടറി ഡോ. ആർ ആനന്ദകുമാർ ഡിഫറന്റ് ആർട് സെന്റർ സന്ദർശിച്ചപ്പോൾ

കഴക്കൂട്ടം

ഭിന്നശേഷിക്കുട്ടികളെ ഇന്ദ്രജാലമടക്കമുള്ള വിവിധ കലകൾ പരിശീലിപ്പിച്ച് അവരുടെ മാനസിക, ബൗദ്ധിക തലങ്ങളിൽ വ്യത്യാസങ്ങളുണ്ടാക്കുകയും വരുമാനമാർഗം നൽകി സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം വളർത്തിയെടുക്കുകയും ചെയ്യുന്ന ഡിഫറന്റ് ആർട് സെന്റർ മാതൃക തമിഴ്നാട്ടിൽ നടപ്പാക്കുമെന്ന് തമിഴ്നാട് ഡിസെബിലിറ്റി വെൽഫെയർ സെക്രട്ടറി ഡോ. ആർ ആനന്ദകുമാർ.ഡിഫറന്റ് ആർട് സെന്ററിനെക്കുറിച്ച് പഠിക്കാനെത്തിയതായിരുന്നു അദ്ദേഹം. ഭിന്നശേഷിക്കാർക്ക് മാത്രമല്ല, അവരുടെ കുടുംബത്തെക്കൂടി സംരക്ഷിക്കുന്ന ഒരിടം എന്ന നിലയിൽ ഈ സെന്റർ അത്ഭുതപ്പെടുത്തി. സെന്ററിനെക്കുറിച്ച് കൂടുതൽ പഠിക്കാൻ സർക്കാരിന് കീഴിലുള്ള ഡിസെബിലിറ്റി സെക്ടറിലെ വിദഗ്ധരെ ചുമതലപ്പെടുത്തുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡോ. ആർ ആനന്ദകുമാറിനെ ഡിഫറന്റ് ആർട് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചു.

സെന്ററിലെ നിരന്തരപരിശീലനം കുട്ടികളിലുണ്ടായ മാറ്റങ്ങളെക്കുറിച്ച് കേരള ഗവ. ഏജൻസികളായ സിഡിസി, ഐക്കൺസ് എന്നിവർ സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ടും കൈമാറി.

പട്ടം ഗവ. മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലെ
അധ്യാപക സംഗമം ജില്ലാ പഞ്ചായത്ത്
വൈസ് പ്രസിഡന്റ് ഷൈലജാബീഗം ഉദ്ഘാടനംചെയ്യുന്നു

സംവേദന സദസ്സ് നാളെ

കോവളം

പരണിയം വൈഎംസിഎ കലാശാഖാ പ്രവർത്തനങ്ങളുടെ ഭാഗമായി ദ്വിദിന സംവേദന സദസ്സ് 'ചിന്തിക്കാം ചിറക് വിരിക്കാം' സംഘടിപ്പിക്കുന്നു. 12, 13 തീയതികളിൽ പരണിയം വൈഎംസിഎ ഹാളിൽ പൂവാർ പഞ്ചായത്ത് പ്രസിഡന്റ് ജെ ലോറൻസ് ഉദ്ഘാടനം ചെയ്യും.

സിൽവർ ജൂബിലി

തിരുവനന്തപുരം

കൈതമുക്ക് റസിഡന്റ്സ് അസോസിയേഷന്റെ സിൽവർ ജൂബിലി ആഘോഷവും കുടുംബ സംഗമവും മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്തു. കവി വി മധുസൂദനൻ നായർ മുഖ്യപ്രഭാഷണം നടത്തി. പ്രസിഡന്റ് പാതിരിപ്പള്ളി എസ് കൃഷ്ണകുമാരി അധ്യക്ഷയായി. സെക്രട്ടറി ബി എസ് സുരേഷ്, കൗൺസിലർ പി രാജേന്ദ്രൻ നായർ, ആർ ആർ ബാലഗോപാൽ, ഡോ. ഇന്ദ്രസേനൻ, കുട്ടൻ പിള്ള എന്നിവർ സംസാരിച്ചു.

രബീന്ദ്രനാഥ ടാഗോർ ജന്മവാർഷികം

തിരുവനന്തപുരം

ഭാരത് ഭവന്റെയും ഗാന്ധി സ്മാരക നിധിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച രബീന്ദ്രനാഥ ടാഗോറിന്റെ 162–ാം ജന്മദിന വാർഷികാഘോഷം കെ ജയകുമാർ ഉദ്ഘാടനംചെയ്തു.

ഗാന്ധി സ്മാരക നിധി ചെയർമാൻ എൻ രാധാകൃഷ്ണൻ അധ്യക്ഷനായി. പബ്ലിക് റിലേഷൻസ് വകുപ്പ് തയ്യാറാക്കിയ 'ഗുരുദേവ്' ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. നിർമാതാവ് വി കെ മോഹനെ ആദരിച്ചു. അബ്രിദിതാ ബാനർജി ടാഗോർ സ്മൃതിഗീതവും സബർമതി ഗായകസംഘം ദേശഭക്തി ഗാനങ്ങളും ആലപിച്ചു. ഭാരത് ഭവൻ മെമ്പർ സെക്രട്ടറി പ്രമോദ് പയ്യന്നൂർ, സലിൻ മാങ്കുഴി, എസ് രാധാകൃഷ്ണൻ, എൻ ഗോപാലകൃഷ്ണൻ നായർ, സബീർ തിരുമല, എൻ അരവിന്ദാക്ഷൻ, ആർ എസ് ഹരികുമാർ, റോബിൻ സേവ്യർ എന്നിവർ സംസാരിച്ചു.

ട്രെയിനീസ് കൗൺസിലും ബ്ലാസ്റ്റ് കലോത്സവവും

കഴക്കൂട്ടം

കഴക്കൂട്ടം ഗവ. വനിതാ ഐടിഐ ട്രെയിനീസ് കൗൺസിലും ഐടിഐതല കലോത്സവം 'ബ്ലാസ്റ്റ് 2023'ഉം സംഘടിപ്പിച്ചു. ട്രെയിനീസ് കൗൺസിലിന്റെ ഉദ്ഘാടനം വിനോദ് വൈശാഖിയും കലോത്സവ ഉദ്ഘാടനം കാര്യവട്ടം ശ്രീകണ്ഠൻ നായരും നിർവഹിച്ചു. വ്യവസായ വകുപ്പ് അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ മനേഷ് പ്രസാദ്, ഷമ്മി ബേക്കർ, വി ആർ സജീവ്, ജീവആനന്ദൻ, ആർ സുന്ദരേശൻ നായർ, എ ഷീബ, എസ് പ്രീതകുമാരി, ടി ജെ സ്വാലിഹ എന്നിവർ സംസാരിച്ചു.

യുവാവിനെ കമ്പി കൊണ്ട് അടിച്ച് പരിക്കേൽപ്പിച്ചു; 3 പേർ അറസ്റ്റിൽ

നേമം

അറസ്റ്റിലായ പ്രതികൾ

യുവാവിനെ കമ്പി കൊണ്ട് അടിച്ചുപരിക്കേൽപ്പിച്ച സംഭവത്തിൽ മൂന്നുപേരെ നേമം പൊലീസ് അറസ്റ്റുചെയ്തു. പഴയ കാരയ്ക്കാമണ്ഡപം പത്തുമുറി ലെയിൻ ചെന്നിക്കവിളകംവീട്ടിൽ ഷജീർ (32), മേലാംകോട് കരുമം കുന്നുവിളവീട്ടിൽ സജിത്ത് (28), മേലാംകോട് അമ്പാടിവീട്ടിൽ വാടകയ്ക്ക് താമസിക്കുന്ന ഗിരീഷ് (24) എന്നിവരാണ് അറസ്റ്റിലായത്.

ഏപ്രിലിലായിരുന്നു കേസിന് ആസ്പദമായ സംഭവം. തിരുവല്ലം സ്വദേശി മനുവിനെയാണ് ആക്രമിച്ചത്. സ്റ്റുഡിയോ റോഡിലുള്ള സുഹൃത്തിന്റെ വീട്ടിൽ എത്തുമ്പോഴാണ് പ്രതികൾ മനുവിനെ ആക്രമിച്ചത്. പ്രതികൾക്ക് മനുവുമായുണ്ടായിരുന്ന വ്യക്തിവിരോധമാണ് ആക്രമണത്തിനിടയാക്കിയത്. ഫോർട്ട് എസി എസ് ഷാജിയുടെ നിർദ്ദേശപ്രകാരം നേമം സിഐ രഗീഷ് കുമാർ, എസ്ഐമാരായ മധുമോഹൻ, പ്രസാദ് എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്. അറസ്റ്റിലായ പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡുചെയ്തു.

പുസ്തകം പ്രകാശിപ്പിച്ചു

തിരുവനന്തപുരം

മൈത്രി ബുക്സ് പ്രസിദ്ധീകരിച്ച ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ ഡോ. ലിറ്റിൽ ഹെലന്റെ 'ഹൗ ടു ടീച്ച് ആൻഡ് ലേൺ റിപ്രൊഡക്ടീവ് ഹെൽത്ത്' എന്ന പുസ്തകം വി കെ പ്രശാന്ത് എംഎൽഎ പ്രകാശിപ്പിച്ചു. കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജൻ പുസ്തകം ഏറ്റുവാങ്ങി. കെജിഒഎ ജനറൽ സെക്രട്ടറി ഡോ. മോഹനചന്ദ്രൻ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. എം സത്യൻ, എഎച്ച്എസ്ടിഎ സ്റ്റേറ്റ് കൗൺസിൽ മെമ്പർ ഡോ. വിനു, സിഎസ്ഐആർ സൈക്കോളജിസ്റ്റ് ഡോ. ജിബി, ഡോ. നളിനാക്ഷൻ, പ്രൊഫ. ജെസി ജേക്കബ്, വനിതാ സാഹിതി സെക്രട്ടറി സരസമ്മ, ലാൽസലാം എന്നിവർ സംസാരിച്ചു.

REPRODUCTIVE HEALTH

ഡോ. ലിറ്റിൽ ഹെലന്റെ 'ഹൗ ടു ടീച്ച് ആൻഡ് ലേൺ റിപ്രൊഡക്ടീവ് ഹെൽത്ത്' പുസ്തകം വി കെ പ്രശാന്ത് എംഎൽഎ കെഎസ്ടിഎ ജനറൽ സെക്രട്ടറി എൻ ടി ശിവരാജന് നൽകി പ്രകാശിപ്പിക്കുന്നു

ഇന്നത്തെ പരിപാടി

- **പേരൂർക്കട എസ്എപി ഗ്രൗണ്ട്** പൊലീസിന്റെ ഡ്രോൺ റിസർച്ച് സെന്റർ വികസിപ്പിച്ച സോഫ്റ്റ്‌വെയർ മുഖ്യമന്ത്രി പിണറായി വിജയൻ പൊലീസ് മേധാവിക്ക് കൈമാറും, രാവിലെ പത്തിന്
- **സംസ്കൃത കോളജ് ലൈബ്രറി ഹാൾ** മുൻ പ്രിൻസിപ്പൽ പ്രൊഫ. ഒ വിശ്വനാഥൻ ആചാരി അനുസ്മരണം, വൈകിട്ട് നാലിന്
- **അയ്യൻകാളി ഹാൾ** കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് സേവനങ്ങൾക്കുള്ള ഓൺലൈൻ സംവിധാനങ്ങളുടെ ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി, വൈകിട്ട് അഞ്ചിന്
- **യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്റർ** വൈബ് ഫ്ലീ മാർക്കറ്റ് ഉദ്ഘാടനം എ എൻ ഷംസീർ, പകൽ 11ന്
- **തിരുവനന്തപുരം പ്രസ് ക്ലബ്** പൂവച്ചൽ ഖാദർ കവിതകളുടെ പ്രകാശനം, കവി പ്രഭാവർമ്മ, വൈകിട്ട് 5.30ന്
- **വെള്ളയമ്പലം അമ്യൂസിയം ഗ്യാലറി** കലാപ്രദർശനം, രാവിലെ 10.30മുതൽ രാത്രി 11.30 വരെ
- **കാട്ടാക്കട ക്രിസ്ത്യൻ കോളേജ്** താലൂക്കുതല അദാലത്ത്, മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ, ആന്റണി രാജു, രാവിലെ പത്തുമുതൽ
- **സ്റ്റാച്യു വൈഎംസിഎ** സ്വദേശി ഫെസ്റ്റിവലിൽ നാടൻ ഉൽപ്പന്ന പ്രദർശനവും പ്രകൃതി കൃഷി പരിശീലനവും. രാവിലെ ഒമ്പതിന്
- **തൈക്കാട് ഗാന്ധിഭവൻ** സെന്റർ ഫോർ ജെറനോളജിക്കൽ സ്റ്റഡീസിന്റെ ശിൽപ്പശാല. രാവിലെ പത്തിന്